പട്ടികജാതി-പട്ടികവർഗ്ഗക്കാരെ മർദ്ദിച്ച കേസുകൾ

377. [486] ശ്രീ. എം. കെ. കേശവൻ :
,, കെ. വി. സുരേന്ദ്രനാഥ് :
,, പി. കുമാരൻ :
,, കെ. ഇ. ഇസ്മയിൽ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ ആറുമാസത്തിനിടയിൽ സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗക്കാരെ മറ്റുള്ളവർ മർദ്ദിച്ചതായി എത്ര കേസുകൾ ഉണ്ടായിട്ടുണ്ട് ;

(ബി) ഇത്തരം കേസുകളിൽ ആകെ എത്രപേരുടെ പേരിൽ കേസ് ചുമത്തിട്ടുണ്ട് ;

(സി) ഇങ്ങനെയുള്ള എത്ര കേസ്സുകളിൽ പ്രതികളെ ശിക്ഷിച്ചിട്ടുണ്ട് ?

ഉത്തരം

(എ) 346.

(ബി) 693.

(സി) ടി കേസ്സുകളെല്ലാംതന്നെ ഇപ്പോൾ കോടതിയിൽ വിചാരണയിലാണ്.

പോലീസ് കസ്റ്റഡിയിൽവച്ച് മരിച്ച പട്ടികജാതി-പട്ടികവർഗ്ഗക്കാർ

378. [487] ശ്രീ. സി. കെ. തങ്കപ്പൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

19-5-1982 മുതൽ 1-10-1986 വരെ പോലീസ് കസ്റ്റഡിയിൽവച്ച് മരിച്ചവരിൽ എത്ര പട്ടികജാതി-പട്ടികവർഗ്ഗക്കാർ ഉണ്ട് ?

ഉത്തരം

രണ്ട് പട്ടികജാതിക്കാരും ഒരു പട്ടികവർഗ്ഗക്കാരനും മരിച്ചിട്ടുണ്ട്.

പോലീസ് മർദ്ദനമേറ്റ പത്രലേഖകരും ഫോട്ടോഗ്രാഫർമാരും

379. [488] ശ്രീ. എം. ജിനദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 24-5-1982 മുതൽ 1986 സെപ്റ്റംബർ 30 വരെ സംസ്ഥാനത്തെ പത്രലേഖകർക്കും ഫോട്ടോഗ്രാഫർമാർക്കും പോലീസ് മർദ്ദനമേറ്റിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രപേർക്ക് ;

(ബി) ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ ;

(സി) ഇത് സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ഡി) എത്തെല്ലാം കേസ്സുകളിൽ പ്രതികളെ ശിക്ഷിച്ചു ?

LIBRARY ARCHIVES Kerala Legislative Assembly